# ‘ഇല വാടാൻ അവൻ സമ്മതിക്കുകയില്ല’

## സങ്കീർത്തനം 1:3

**“അവൻ, ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും.”**

ന്യായപ്രമാണം ധ്യാനിക്കുന്നവനെ (നീതിമാനെ) ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷത്തോട് ഉപമിച്ചിരിക്കുന്നു. വൃക്ഷം ആറ്റരികെ നട്ടതാണ്, തനിയെ മുളച്ചു വന്നതല്ല. വൃക്ഷം ആറ്റരികെ ആയതുകൊണ്ട് എത്ര ശക്തമായ വേനൽക്കാലത്തും ഉണങ്ങിപ്പോവുകയില്ല, ഇല വാടുകയുമില്ല. അത് എപ്പോഴും വളർന്നുകൊണ്ടേയിരിക്കും. ഫലം കായ്ക്കുന്നതുമാണ്. നടുന്ന വൃക്ഷം (വൃക്ഷത്തൈ) വളരെ ശ്രദ്ധയോടെ നടുന്നതാണ്. വന്യമായി വളരുകയില്ല. അതിനു വേണ്ടുന്നതായ മണ്ണും വളവും നൽകി വളരെ ശ്രദ്ധയോടെയാണ് അതിനെ പരിപാലിക്കുന്നത്.

ഇതുപോലെയാണ് ദൈവം തന്റെ മക്കളെ വളർത്തുന്നത്. പരിശുദ്ധാത്മാവാകുന്ന വെള്ളവും, വചനവുമാകുന്ന വളവും തന്നാണ് കർത്താവ് നമ്മെ ഓരോ ദിനവും വളർത്തുന്നത്. ഭയങ്കരമായ കാറ്റു വന്നാലും വൃക്ഷത്തിന്റെ വേര് ആഴത്തിലേക്ക് ഇറങ്ങിയിരിക്കുന്നതുകൊണ്ട് മറിഞ്ഞു വീഴാതെ നിൽക്കുന്നതുപോലെ ദൈവമക്കളുടെ മുമ്പിൽ ഈ ലോകജീവിതത്തിലെ വിവിധ നിലകളിലുള്ള കഷ്ടതകളും പ്രതിസന്ധികളും ബുദ്ധിമുട്ടുകളും വന്നാലും അവനിൽ (ക്രിസ്തുവിൽ) വേരൂന്നി ജീവിക്കുകയാണെങ്കിൽ തളർന്നു പോകത്തില്ല. നാം ദുഃഖിക്കാൻ അവൻ സമ്മതിക്കില്ല. കാരണം, നാം ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷമാണ്.

എത്ര വരൾച്ച വന്നാലും ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷം ഉണങ്ങിപ്പോകാതെയും ഇല വാടാതെയും ഇരിക്കുന്നതുപോലെ പരിശുദ്ധാത്മാവാം നദി ദൈവമക്കളിൽ ഒഴുകുമ്പോൾ ബുദ്ധിമുട്ടിൽ, പ്രയാസങ്ങളിൽ, പ്രതിസന്ധികളിൽ ആശ്വാസം തരും. വേണ്ടുന്നതായ ആലോചന പറഞ്ഞു തരും. അങ്ങനെയുള്ളവരിൽകൂടി ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം പുറപ്പെടുവിക്കുകയും ചെയ്യും. ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷം തക്കകാലത്തു ഫലം കായ്ക്കുന്നതുപോലെ പരിശുദ്ധാത്മാവാകുന്ന നദിയിൽ വളരുന്ന ദൈവമക്കളിൽ ആത്മാവിന്റെ ഫലം ഉള്ളവരായിരിക്കണം. എങ്കിൽ നാം അനുഗ്രഹിക്കപ്പെട്ടവരാകും.

പരാമർശം :

1കൊരിന്ത്യർ 3:6-8

ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കിയതു. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനെക്കുന്നവനും ഏതുമില്ല. നടുന്നവനും നനെക്കുന്നവനും ഒരുപോലെ; ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം കൂലി കിട്ടും.

സിസ്റ്റർ ലാലി സലിം ജേക്കബ് പുതുപ്പള്ളി 001